പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5036 — 01.07.2013-ൽ മറുപടിക്ക്.

# ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനുകൾ കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനുകൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | : (എ) സ്വന്തമായി കെട്ടിടമില്ലാത്ത ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾക്ക് സ്ഥലം ലഭ്യമാക്കി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിലേയ്ക്കായി ഈ സാമ്പത്തിക വർഷം നാലുകോടി രൂപ പൊതുമരാമത്ത് വകുപ്പിന്റെ '4059-60-051-85-അഗ്നിപ്രതിരോധവും നിയന്ത്രണവും'' എന്ന ശീർഷകത്തിൽ വക കൊള്ളിച്ചിട്ടുണ്ട്. നിലവിലുള്ള ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിന്റെ ഭാഗമായി 480 ഫയർമാന്റെയും, 239 ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർമാരുടെയും ട്രെയിനിംഗ് ജൂലൈ 13-ന് പൂർത്തിയാകുന്നതാണ്. വിയ്യൂർ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമിയെ ആധുനികവൽക്കരിച്ച് എല്ലാവിധ ദുരന്തങ്ങളെയും നേരിടുന്നതിനുള്ള ട്രെയിനിംഗ് സംവിധാനം ഒരുക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഈ വർഷത്തെ പദ്ധതിയിനത്തിൽ വകയിരുത്തിയ 11 കോടി രൂപകൊണ്ട് ആധുനിക ഉപകരണങ്ങളും, വാഹനങ്ങളും വാങ്ങി ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) ഫയർ സ്റ്റേഷനുകൾക്ക് സ്വന്തമായ ഓഫീസും കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കാൻ എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | : (ബി) വാടക കെട്ടിടത്തിൽ 17 ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നു. ഇവയ്ക്ക് സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിനും സ്വന്തമായി ഓഫീസും കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിനും ബന്ധപ്പെട്ട സ്വയംഭരണ സ്ഥാപനങ്ങൾ, ഭരണാധികാരികൾ, |

(മറുപുറം)

വകുപ്പുമേധാവികൾ എന്നിവരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം ലഭ്യമായാൽ ആവശ്യമായ ഫണ്ട് വകയിരുത്തി ഫയർ സ്റ്റേഷന് വേണ്ടിയുള്ള കെട്ടിട നിർമ്മാണം നടത്താവുന്നതാണ്.

(സി) ഈ സർക്കാരിന്റെ കാലത്ത് എത്ര ഫയർ സ്റ്റേഷനുകൾ പുതുതായി തുടങ്ങുകയുണ്ടായി ; വിശദമാക്കുമോ ?

: (സി) കഴക്കൂട്ടം, സീതത്തോട്, കൂത്താട്ടുകുളം എന്നീ മൂന്ന് ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ഈ സർക്കാരിന്റെ കാലത്ത് പുതുതായി തുടങ്ങി.